**18. 09.2023**

# <u>KGBEU OU ബുള്ളറ്റിൻ 113/2023</u>

സഖാക്കളെ,

## വിഷയം: CA opening at RO

ബിസിനസ് കറസ്പോന്റ് വിഷയത്തിൽ സംഘടന ശക്തമായി പ്രതിഷേധം രേഖപ്പെടുത്തുന്ന പശ്ചാത്തലത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു തരത്തിലുള്ള പ്രവർത്തനത്തിനും സഹകരിക്കരുത് എന്ന നിർദ്ദേശം നൽകിയിരുന്നു. സംഘടനാ ഭേദമന്യേ മുഴുവൻ ജീവനക്കാരും ആ നിർദേശം ഏറ്റെടുത്ത സാഹചര്യത്തിൽ, മാനേജ്മെൻറ് ഉദ്ദേശിച്ച രീതിയിൽ അത് മുന്നോട്ടു കൊണ്ടുപോകാൻ മറ്റു വഴികൾ തേടുകയാണ്. അതിൻറെ ഭാഗമായി റീജിയണൽ ഓഫീസുകൾ വഴി അക്കൗണ്ട് ഓപ്പൺ ചെയ്ത് ബന്ധപ്പെട്ട ബ്രാഞ്ചുകളിലേക്ക് പോർട്ട് ചെയ്യണമെന്നാണ് ഇപ്പോൾ നൽകിയിട്ടുള്ള നിർദ്ദേശം. സാമ്പത്തിക ഉൾചേർക്കൽ പദ്ധതിക്ക് വേണ്ടിയല്ലാതെ BC മാരെ നിയോഗിക്കില്ല എന്ന് ജോയിൻറ് ഫോറത്തിന് എഴുതി ഒപ്പിട്ടു തന്ന കരാറിന്റെ മഷി ഉണങ്ങുന്നതിനു മുൻപാണ് ബാങ്കിനെയും ജീവനക്കാരെയും വലിയ രീതിയിൽ ദോഷകരമായി ബാധിക്കുന്ന തരത്തിൽ മുഴുവൻ ബ്രാഞ്ചുകളിലും BC മാരെ വിന്യസിക്കുംവിധം മാനേജ്മെൻറ് ഈ പദ്ധതി നടപ്പിലാക്കാൻ തുനിഞ്ഞിറങ്ങുന്നത്.

ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന പ്രവർത്തനമായതിനാൽ ഇതുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനത്തിനും RO കളിലെ ജീവനക്കാർ സഹകരിക്കരുത്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)